ത്തിൽനിന്നും ആവശ്യാനുസരണം തുക വിനിയോഗിക്കാവുന്നതാണ്. അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| നം. | പദ്ധതി | അനുവദിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1. | കണ്ണൂർ എയർപോർട്ട് | 5000.00 | 4913.00 |
| 2. | മെട്രോ റെയിൽ കൊച്ചി | 54901.00 | 56143.19 |
| 3. | മോണോ റെയിൽ | 2800.00 | 2800.00 |
| 4. | സബർബൻ റെയിൽ സർവ്വീസ് | 1013.35 | 1013.35 |

(ഡി) ഉണ്ട്, മേൽ പദ്ധതികളിൽ

- സബർബൻ റെയിൽ സർവ്വീസ്-കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആരംഭിക്കും.
- നിംസിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചില്ല.
- പി.സി.പി.ഐ.ആർ.-ന് കേന്ദ്ര സർക്കാർ അനുമതി ലഭിക്കാത്തതിനാൽ പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി എന്ന പേരിൽ സംസ്ഥാന പദ്ധതിയായി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണം**

**23 (1391)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള വ്യക്തമായ ശുപാർശ സമർപ്പിക്കുവാൻ ഗ്രാമവികസന കമ്മീഷണർ കൺവീനറായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ടി സമിതി ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**പ്രാദേശിക വികസന അതോറിറ്റികൾ/ഏജൻസികൾ**

**24 (1392)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകരിച്ച പ്രാദേശിക വികസന അതോറിറ്റികൾ/ഏജൻസികൾ എതെല്ലാമാണ് എന്നറിയിക്കാമോ ;

(ബി) പ്രസ്തുത അതോറിറ്റികൾക്ക്/ഏജൻസികൾക്ക് കഴിഞ്ഞ ഓരോ സാമ്പത്തിക വർഷത്തിലും എത്ര തുക വീതം നൽകിയെന്നും അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത അതോറിറ്റികൾ/ഏജൻസികൾ രൂപീകരിച്ചതിനുള്ള ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ വികസന അതോറിറ്റി രൂപീകരിക്കുകയും നിർത്തലാക്കപ്പെട്ട കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly